# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2838**    **17/10/2016-ൽ മറുപടിക്ക്**

### കൊതുകുജന്യ രോഗങ്ങൾ

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**
**,, ഇ.കെ.വിജയൻ**
**,, കെ. രാജൻ**
**ശ്രീമതി സി.കെ.ആശ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| **എ)** | കൊതുകുജന്യ രോഗങ്ങൾ ഏറിവരുന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | **എ)** | ഉണ്ട്.<br>കൊതുകുജന്യ രോഗങ്ങൾ 2014- 2015 നെ അപേക്ഷിച്ച് ഈ വർഷം കൂടുതലാണെങ്കിലും 2013- നേക്കാൾ കുറവാണ്. പ്രതിവാര, പ്രതിമാസ, വാർഷിക യോഗങ്ങളിലും അടിയന്തിര യോഗങ്ങളിലും വിവിധ തലങ്ങളിൽ ഇത് വിലയിരുത്തി വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| **ബി)** | സംസ്ഥാനത്ത് പ്രത്യേകിച്ചും തെക്കൻ ജില്ലകളിൽ ഡെങ്കിപനി ബാധിതരുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ജില്ലകളിൽ കൊതുകിന്റെ സാന്ദ്രത കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | **ബി)** | ഉണ്ട്.<br>സംസ്ഥാനത്ത് പ്രത്യേകിച്ചും തെക്കൻ ജില്ലകളിൽ ഡെങ്കിപ്പനി 2014 -2015 നെ അപേക്ഷിച്ച് കൂടുതലാണ്. എങ്കിലും 2013- നേക്കാൾ വളരെ കുറവാണ്. കൊതുകുകളുടെ സാന്ദ്രത കുറയ്ക്കുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഉദ്യോഗസ്ഥരും സർവ്വേ നടത്തി കൊതുകുസാന്ദ്രത കൂടുതൽ ഉള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടെ ഊർജ്ജിതമായ കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ കൊതുകുകളുടെ ഉറവിടനശീകരണ കാമ്പെയിനുകൾ, ഡ്രൈഡേ ആചരണം, കൂത്താടി നാശിനി സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവ നടത്തിയും കൊതുക് നിയന്ത്രണം പ്രാവർത്തികമാക്കിവരുന്നു. |

| | |
|---|---|
| **സി)** കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | **സി)** വിലയിരുത്തിയിട്ടുണ്ട്. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, വേനൽമഴ, ഒറ്റപ്പെട്ട മഴ, മാലിന്യ നിർമ്മാർജ്ജനത്തിലെ അപര്യാപ്തത, വർദ്ധിച്ചു വരുന്ന നഗരവത്ക്കരണവും ഗതാഗതസൗകര്യവും, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ, ജലദൗർലഭ്യം മൂലം ജലം ശേഖരിച്ചു വയ്ക്കേണ്ടിവരുന്നത്, കൊതുകുകൾ കീടനാശിനികൾക്കെതിരെ പ്രതിരോധശേഷി ആർജ്ജിക്കുന്നത്, ജനപ്പെരുപ്പവും ജീവിത ശൈലിയും തുടങ്ങിയവ കൊതുകുനിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതിന് കാരണമാകുന്നുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**